# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3928 — 19.03.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>,, പി.ഉബൈദുള്ള : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടെയും(Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br><br>2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകൾ ആക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജാഫീസ് കെട്ടിടങ്ങളിൽ ടോയിലറ്റ്, കുടിവെള്ള സൗകര്യം ലഭ്യമാക്കേണ്ടവ, അഡീഷണൽ റൂം, ചുറ്റുമതിൽ എന്നിവ നിർമ്മിക്കേണ്ട വില്ലേജുകളുടെ വിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപാ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 70 വില്ലേജാഫീസുകളിൽ അറ്റകുറ്റപ്പണിക്കും, 673 വില്ലേജാഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയിലറ്റ് |

| | | |
|---|---|---|
| | | നിർമ്മാണത്തിനും 68 വില്ലേജുകളിൽ ചുറ്റുമതിൽ, 67 വില്ലേജുകളിൽ അഡീഷണൽ റൂം എന്നിവയുടെ നിർമ്മാണത്തിനും ഭരണാനുമതി നൽകുകയും ആയതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നിത്യേന എത്തിച്ചേരുന്ന വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അടിയന്തര നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ